പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 154

# 2022-ലെ സ്വന്തമായി അദ്ധ്വാനിച്ച് ജീവിക്കാൻ കഴിവില്ലാത്ത ഭിന്നശേഷിക്കാരുടെ സുരക്ഷയും ക്ഷേമവും ലഭ്യമാക്കുന്നതിനുവേണ്ടി സർക്കാർ പ്രതിമാസ സഹായധനം ഉറപ്പാക്കൽ ബിൽ

(ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, എം. എൽ. എ. നോട്ടീസ് നൽകിയത്)

1708/2022.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 154

# 2022-ലെ സ്വന്തമായി അദ്ധ്വാനിച്ച് ജീവിക്കാൻ കഴിവില്ലാത്ത ഭിന്നശേഷിക്കാരുടെ സുരക്ഷയും ക്ഷേമവും ലഭ്യമാക്കുന്നതിനുവേണ്ടി സർക്കാർ പ്രതിമാസ സഹായധനം ഉറപ്പാക്കൽ ബിൽ

(ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, എം.എൽ.എ. നോട്ടീസ് നൽകിയത്)

സംസ്ഥാനത്തെ ഭിന്നശേഷിക്കാരായ വ്യക്തികളിൽ സ്വന്തമായി അദ്ധ്വാനിച്ച് ജീവിക്കാൻ കഴിവില്ലാത്ത മാനസികവും ശാരീരികവുമായ വെല്ലുവിളികൾ നേരിടുന്നവരുടെ ക്ഷേമത്തിനുവേണ്ടി സർക്കാർ പ്രതിമാസ സഹായധനം ഉറപ്പാക്കുന്നതിനുവേണ്ടിയുള്ള

ഒരു

ബിൽ

പീഠിക.—കേരളത്തിൽ ജനിക്കുന്ന ഭിന്നശേഷിക്കാരായ ആളുകളിൽ നല്ലൊരു ശതമാനം ആളുകളും സ്വന്തമായി അദ്ധ്വാനിച്ച് ജോലി ചെയ്തു ജീവിക്കാൻ കഴിവില്ലാത്തവരാണ്. ചിലർ വിവിധങ്ങളായ അപകടങ്ങളിലൂടെ കഴിവുനഷ്ടപ്പെട്ട് ജീവിക്കാൻ വിധിക്കപ്പെട്ടവരുമാണ്. ഇത്തരം ആളുകൾ ബുദ്ധിപരമായും ആരോഗ്യപരമായും വിഷമതകൾ അനുഭവിക്കുന്നതുമൂലം ഇവരെ പരിചരിക്കുവാൻ മറ്റൊരാളുടെ മുഴുവൻ സമയ പ്രവർത്തനങ്ങൾ ആവശ്യമാണ്. ഇത്തരം സന്ദർഭത്തിൽ സഹായി ആയി നിൽക്കുന്ന അടുത്ത ബന്ധുക്കൾക്ക് ഒരു ജോലിക്കു പോയി പോലും കുടുംബം പുലർത്താൻ കഴിയുന്നില്ല. ഇത്തരം സന്ദർഭത്തിൽ മുകളിൽ പറഞ്ഞ ഭിന്നശേഷിക്കാർക്ക് സർക്കാർ പ്രതിമാസ സഹായധനം ഉറപ്പു വരുത്തുന്നതിന് ഒരു നിയമം കൊണ്ടുവന്ന് അവരെ സംരക്ഷിക്കേണ്ടത് സമൂഹത്തിന്റെ ആവശ്യമാണ്. ഈ ആവശ്യം നിറവേറ്റുന്നതിനു വേണ്ടി സ്വന്തമായി അദ്ധ്വാനിച്ച് ജീവിക്കാൻ കഴിവില്ലാത്ത ഭിന്നശേഷിക്കാരുടെ സുരക്ഷയും ക്ഷേമവും ഉറപ്പാക്കുന്നതിന് വേണ്ടി സർക്കാർ ധനസഹായം ഉറപ്പു വരുത്താൻ പ്രത്യേക നിയമം ഉണ്ടാക്കേണ്ടതിനാൽ,

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിമൂന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു.—

1. ചുരുക്കപ്പേരും പ്രാരംഭവും വ്യാപ്തിയും.—(1) ഈ ആക്റ്റിന് 2022-ലെ സ്വന്തമായി അദ്ധ്വാനിച്ച് ജീവിക്കാൻ കഴിവില്ലാത്ത ഭിന്നശേഷിക്കാരുടെ സുരക്ഷയും ക്ഷേമവും

ലഭ്യമാക്കുന്നതിനു വേണ്ടി സർക്കാർ പ്രതിമാസ സഹായധനം ഉറപ്പാക്കൽ ആക്റ്റ് എന്ന് പേരു പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഈ ആക്ടിലെ വ്യവസ്ഥകൾ സർക്കാർ വിജ്ഞാപനം വഴി നിശ്ചയിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം—

(എ) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ബി) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ടത് എന്നർത്ഥമാകുന്നു;

(സി) "വകുപ്പ്" എന്നാൽ ഈ ആക്റ്റിലെ ഒരു വകുപ്പ് എന്നർത്ഥമാകുന്നു;

(ഡി) "വിജ്ഞാപനം" എന്നാൽ ഈ ആക്റ്റ് അനുസരിച്ച് കേരള സർക്കാർ പുറപ്പെടുവിക്കുന്ന വിജ്ഞാപനം എന്നർത്ഥമാകുന്നു;

(ഇ) "സമിതി" എന്നാൽ നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ രൂപീകരിച്ച സമിതി എന്നർത്ഥമാകുന്നു;

(എഫ്) "അദ്ധ്വാനിക്കുക" എന്നാൽ ബുദ്ധിയും ശക്തിയും ഉപയോഗിച്ച് വിവിധ രംഗങ്ങളിൽ ജോലി ചെയ്ത് വരുമാനം സമ്പാദിക്കുക എന്നർത്ഥമാകുന്നു;

(ജി) "ഭിന്നശേഷിക്കാർ" എന്നാൽ മാനസികവും ശാരീരികവുമായ വെല്ലുവിളികൾ നേരിടുന്നവർ എന്നർത്ഥമാകുന്നു;

(എച്ച്) "സർക്കാർ പ്രതിമാസ സഹായധനം" എന്നാൽ സ്വന്തമായി ജോലി ചെയ്യാൻ കഴിയാത്ത ഭിന്നശേഷിക്കാർക്ക് ഗവൺമെന്റിന് വേണ്ടി ജോലി ചെയ്തതായി കണക്കാക്കി ഒരു ലോവർ ഡിവിഷൻ ക്ലർക്കിന് നൽകുന്ന ശമ്പളത്തിന് ആനുപാതികമായ തുകയെന്ന് അർത്ഥമാകുന്നു;

(ഐ) "അംഗം" എന്നാൽ സർക്കാരിന്റെയോ പ്രാദേശിക സർക്കാരിന്റെയോ വ്യവസ്ഥകൾ പ്രകാരം നിശ്ചിത പദ്ധതികളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ആൾ എന്നർത്ഥമാകുന്നു;

(ജെ) "സംസ്ഥാനം" എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു.

3. യോഗ്യരായവരുടെ പട്ടിക തയ്യാറാക്കൽ.— സ്വന്തമായി അദ്ധ്വാനിച്ച് ജീവിക്കാൻ കഴിവില്ലാത്ത ഭിന്നശേഷിക്കാരുടെ പട്ടിക തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ വഴി തയ്യാറാക്കി ആയത് സാമൂഹ്യനീതി വകുപ്പ് പരിശോധിച്ച് മെഡിക്കൽ ബോർഡിന്റെ ശിപാർശയോടു കൂടി സർക്കാരിൽ സമർപ്പിക്കണം. 60 ശതമാനത്തിൽ കൂടുതൽ ഭിന്നശേഷിയുള്ളവരും ബുദ്ധിപരമായും ആരോഗ്യപരമായും അവശത അനുഭവിക്കുന്നവരുമായിരിക്കണം പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവർ. ഇതിൽ അംഗമാകുന്ന ഭിന്നശേഷിക്കാർക്ക് ജീവിക്കാനുതകുന്ന മറ്റ് വരുമാനമാർഗ്ഗങ്ങൾ ഉണ്ടാകാൻ പാടില്ലാത്തതാണ്.

4. സഹായധനം ലഭ്യമാക്കേണ്ട പ്രായപരിധി.— ഇത്തരം ഭിന്നശേഷിക്കാർക്ക് പ്രത്യേകമായ പ്രായപരിധി കണക്കാക്കരുത്. സാമൂഹ്യനീതി വകുപ്പിന്റെ ശിപാർശയിൽ പദ്ധതി നടപ്പിലാക്കേണ്ടതാണ്.

5. പ്രതിമാസ സഹായധനം കണ്ടെത്തുന്ന രീതി.— സർക്കാരിൽ നിന്ന് നിലവിൽ നൽകുന്ന പെൻഷൻ പദ്ധതിയോടൊപ്പം, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലെ ഫണ്ടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതവും പൊതുമേഖലാകമ്പനികളുടെ സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ടും ചാരിറ്റി സ്ഥാപനങ്ങളുടെ ഫണ്ടുകളും സംയോജിപ്പിച്ച് സർക്കാരിനോ പ്രാദേശിക സർക്കാരിനോ ഈ തുക കണ്ടെത്താവുന്നതാണ്.

6. സുരക്ഷാ കൗൺസിൽ രൂപീകരണവും ഘടനയും.—(1) ഈ ആക്റ്റ് പ്രാബല്യത്തിൽ വന്നതിനു ശേഷം എത്രയും വേഗം സർക്കാർ വിജ്ഞാപനം വഴി സംസ്ഥാനത്തിനു വേണ്ടി വിജ്ഞാപനത്തിൽ നിർദ്ദേശിക്കുന്ന അപ്രകാരമുള്ള തീയതി മുതൽ പ്രാബല്യമുള്ള സ്വന്തമായി അദ്ധ്വാനിച്ച് ജീവിക്കാൻ കഴിയാത്ത ഭിന്നശേഷിക്കാരുടെ സുരക്ഷയ്ക്കായി സർക്കാർ പ്രതിമാസ സഹായധനം നൽകുന്നതിനു വേണ്ടി ഒരു സമിതി രൂപീകരിക്കേണ്ടതാണ്.

(2) സംസ്ഥാനത്തെ അദ്ധ്വാനിച്ച് ജീവിക്കാൻ കഴിയാത്ത ഭിന്ന ശേഷിക്കാരുടെ സുരക്ഷയ്ക്കായി സർക്കാർ പ്രതിമാസ സഹായധനം നൽകുന്നതിനു വേണ്ടി രൂപം കൊടുക്കുന്ന സമിതിയിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

(എ) കേരള സംസ്ഥാനസാമൂഹ്യനീതി വകുപ്പ് മന്ത്രി ചെയർമാനായിരിക്കേണ്ടതാണ്;

(ബി) കേരള സംസ്ഥാന സാമൂഹ്യനീതി വകുപ്പ് സെക്രട്ടറി, സമിതിയുടെ സെക്രട്ടറിയായി പ്രവർത്തിക്കേണ്ടതാണ്;

(സി)സംസ്ഥാന സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന സംസ്ഥാനത്തുനിന്നുള്ള 2 പാർലമെന്റ് അംഗങ്ങളും 14 നിയമസഭാംഗങ്ങളും മെമ്പർമാരായി പ്രവർത്തിക്കേണ്ടതാണ്;

(ഡി) സംസ്ഥാന ധനകാര്യ, തദ്ദേശസ്വയംഭരണ വകുപ്പ് മേധാവികൾ സമിതിയുടെ എക്സ്- ഒഫീഷ്യോ അംഗങ്ങളായി പ്രവർത്തിക്കേണ്ടതാണ്;

(ഇ) സർക്കാർ നിർദ്ദേശിക്കുന്നതും സംസ്ഥാനത്ത് സാമൂഹ്യനീതിരംഗത്ത് പ്രവർത്തിക്കുന്നതുമായ 4 പേർ അംഗങ്ങളായി പ്രവർത്തിക്കേണ്ടതും അതിൽ 2 പേർ സ്ത്രീകൾ ആയിരിക്കേണ്ടതുമാണ്;

(എഫ്) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷൻമാർ ഈ സമിതിയിൽ അംഗങ്ങളായിരിക്കും;

(ജി) ആവശ്യമെങ്കിൽ സർക്കാരിന് ഉത്തരവിലൂടെ ജില്ലാ ബ്ലോക്ക് തലങ്ങളിൽ സമിതികൾ രൂപീകരിക്കാവുന്നതാണ്.

7. <u>തിരിച്ചറിയൽ കാർഡ്.</u>— പദ്ധതിയിൽ അംഗമാകുന്ന ഓരോ ഭിന്നശേഷിക്കാരനും സംസ്ഥാനത്ത് രൂപീകൃതമാകുന്ന സമിതി പ്രത്യേക തിരിച്ചറിയൽ കാർഡ് നൽകേണ്ടതാണ്.

8. <u>സംസ്ഥാന സമിതിയുടെ കർത്തവ്യങ്ങൾ.</u>—(എ) സ്വന്തമായി അദ്ധ്വാനിച്ച് ജീവിക്കാൻ കഴിവില്ലാത്ത ഭിന്നശേഷിക്കാരുടെ പട്ടിക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ശേഖരിച്ച് അവശ്യമായ നിർദ്ദേശങ്ങൾ സഹിതം സാമൂഹ്യനീതി വകുപ്പിന് കൈമാറുക.

(ബി) ഭിന്നശേഷിക്കാരുടെ കൃത്യമായിട്ടുള്ള പട്ടിക തയ്യാറാക്കാൻ ആവശ്യമായിട്ടുള്ള ഹെൽത്ത് ബോർഡുകൾ കൂടുകയും ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്യുക;

(സി) സ്വകാര്യ മേഖലയിലുള്ള തൊഴിലവസരങ്ങൾ കണ്ടെത്താൻ ഭിന്നശേഷിക്കാരെ സഹായിക്കുകയും ആവശ്യമായിട്ടുള്ള മാനസികാരോഗ്യ ക്ലാസുകൾ നൽകുകയും ചെയ്യുക.

(ഡി) സമിതിയുടെ പ്രവർത്തനത്തിന് സഹായകരമല്ലാത്ത നിലപാടുകൾ എവിടെ നിന്നുണ്ടായാലും അതിൽ ഇടപെടുവാനും നിയമപരമായ പരിഹാരം കാണുവാനും എല്ലാ അധികാരവും അവകാശവും സമിതിക്ക് ഉണ്ടായിരിക്കുന്നതാണ്. ഇക്കാര്യത്തിലുള്ള സംസ്ഥാന സമിതിയുടെ തീരുമാനം അന്തിമമായിരിക്കും;

(ഇ) ഭിന്നശേഷിക്കാരുടെ വിവാഹം, മക്കളുടെ വിദ്യാഭ്യാസം, കുടുംബങ്ങളുടെ ആരോഗ്യ പരിരക്ഷ എന്നിവയ്ക്ക് മുൻഗണന നൽകുന്ന ക്ഷേമപദ്ധതികൾ നടപ്പിലാക്കുക;

(എഫ്) ഭിന്നശേഷിക്കാരുടെ മുഴുവൻ അവകാശങ്ങളും സംരക്ഷിക്കുകയും അവർക്ക് വേണ്ടി ശബ്ദം ഉയർത്തുകയും ചെയ്യുക.

9. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—

(1) സർക്കാരിന്, ഔദ്യോഗിക ഗസറ്റ് വിജ്ഞാപനം വഴി ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് വേണ്ട ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയ ഏതൊരു ചട്ടവും, അത് ഉണ്ടാക്കിയതിനു ശേഷം കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, അതിന്റെ മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ട് സമ്മേളനങ്ങളിലോപെടാവുന്ന ആകെ 14 ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തു വരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുമ്പ്, നിയമസഭ പ്രസ്തുത ചട്ടത്തിൽ രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം, ആ ചട്ടത്തിന് അതിനുശേഷം അതതു സംഗതി പോലെ, അങ്ങനെ രൂപപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു. എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും രൂപപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതുമാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

ഭിന്നശേഷിക്കാരായവരോട് നമുക്ക് ദയയും കാരുണ്യവുമൊക്കെയുണ്ട്. പക്ഷെ അവരും, അവരുടെ അടുത്ത ബന്ധുക്കളും അനുഭവിക്കുന്ന സാമ്പത്തിക മാനസിക ബുദ്ധിമുട്ടുകൾ സമൂഹത്തിന് പങ്കിട്ടെടുക്കാമെങ്കിൽ അത്തരം ആളുകൾ ഒരു ഭാഗ്യമാണ് എന്നുള്ള ഒരു പുതുചിന്ത ഈ സമൂഹത്തിലുണ്ടാകും. വിദേശ രാജ്യങ്ങളിൽ ഭിന്ന ശേഷിക്കാരോടുള്ള പിന്തുണ വളരെ വലുതാണ്. സാമ്പത്തികമായിട്ടുള്ള ഒരു വലിയ തുക ലഭ്യമാകാൻ അവർ അർഹരാണ്. ഭിന്നശേഷിക്കാർക്കുവേണ്ടി മറ്റുള്ളവർ നൽകുന്ന കൈത്താങ്ങാണ് യഥാർത്ഥത്തിൽ ഈ ബില്ല് . എന്നാൽ ഭിന്നശേഷിയുണ്ടെങ്കിലും ബുദ്ധി സാമർത്ഥ്യവും യുക്തിസാമർത്ഥ്യവും കൊണ്ട് അതിനെ തോൽപ്പിച്ച് മുന്നോട്ടു കയറുന്നവരുമുണ്ട്. എന്നാൽ എല്ലാവർക്കും അതിന് സാധിക്കില്ല; അതിന് സന്നദ്ധവുമല്ല. ആയതിനാൽ സ്വന്തമായി അദ്ധ്വാനിച്ച് ജീവിക്കാൻ കഴിവില്ലാത്ത ഭിന്നശേഷിക്കാർക്ക് മാസം തോറും കൃത്യമായിട്ടുള്ള ഒരു സഹായധനം സർക്കാർ ഉറപ്പായും നൽകണം എന്ന് വ്യവസ്ഥ ചെയ്യണമെന്നുള്ള ഉദ്ദേശത്തോടു കൂടിയാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ബില്ലിലെ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിന് സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നില്ല. നിലവിലുള്ള സർക്കാർ പെൻഷനും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലെ തുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സാമൂഹ്യനീതി പദ്ധതി വിഹിതവും കമ്പനികളുടെ സോഷ്യൽ റെസ്പോൺസിബിളിറ്റി ഫണ്ടിൽ നിന്നുള്ള തുകയും ചാരിറ്റി സ്ഥാപനങ്ങളുടെ ഫണ്ടുകളും സംയോജിപ്പിച്ച് അതിനുള്ള തുക കണ്ടെത്താവുന്നതാണ്.

## ഏൽപ്പിച്ചു കൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിലെ 12-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു. ഏതു കാര്യങ്ങളെ സംബന്ധിച്ചാണോ വിജ്ഞാപനങ്ങളോ ഉത്തരവുകളോ പുറപ്പെടുവിക്കേണ്ടത് അല്ലെങ്കിൽ ചട്ടങ്ങളോ റെഗുലേഷനുകളോ ഉണ്ടാക്കേണ്ടത് അവ നടപടിക്രമം സംബന്ധിച്ചുള്ളതും സാധാരണവും ഭരണപരവുമായ സ്വഭാവത്തോടു കൂടിയതുമാണ്. കൂടാതെ ചട്ടങ്ങൾ നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ആയതിനാൽ, ഏൽപ്പിച്ചു കൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തിലുള്ളതാണ്.

എൽദോസ് പി. കുന്നപ്പിള്ളിൽ, എം.എൽ.എ.